ലേഖനം



പുതിയൊരു ലോകം സാധ്യമാവണം – 2

# വിമോചനത്തിനുവേണ്ടിയുള്ള ശബ്ദങ്ങൾ

ഷാനവാസ് കൊല്ലം

**മോഹിപ്പിക്കുകയും** എന്നാൽ പിടികൊടുക്കാതെ അകന്നുകൊണ്ടേയിരിക്കുകയും ചെയ്യുന്ന മരീചികക്ക് പിന്നാലെയോടി മനുഷ്യൻ ഒരുപാട് തളർന്നിരിക്കുന്നു. അടക്കിപ്പിടിച്ച രോഷങ്ങളും വേദനകളും അവിടവിടെയായി അൽപാൽപം പൊട്ടിയൊഴുകാൻ തുടങ്ങിയിരിക്കുന്നു. സമഗ്രവിപ്ലവങ്ങളെക്കുറിച്ച വമ്പിച്ച വാഗ്ധോരണികളിൽ വിശ്വാസം നഷ്ടപ്പെട്ട സ്ത്രീയും ദലിതനും ആദിവാസികളും മറ്റു ഇരകളുമെല്ലാം ഉറക്കെ കരയാനെങ്കിലും പഠിച്ചു വരുന്നു. അങ്ങനെ ഇപ്പോൾ കൂടുതൽ ഗുണപരമായ പരിണാമങ്ങൾക്ക് ലോകം സാക്ഷിയാവുന്നുണ്ട്. മാറ്റം ഗുണകരമാണെങ്കിലും മനുഷ്യസാകല്യത്തിലെ ഉപവിഭാഗങ്ങളെ മാത്രം അഭിസംബോധന ചെയ്യുന്ന മുന്നേറ്റങ്ങൾ മാത്രമാണിവ. ഇത്തരം പ്രതിഷേധങ്ങൾക്ക് മാനവികതയുടെ വിമോചനം ഉറപ്പു നൽകാനാവശ്യമായ ആശയപരവും ആദർശപരവുമായ ഭൂമിക ഉണ്ടാവില്ല എന്നത് സ്വാഭാവികമാണല്ലോ. അതേപോലെ പാശ്ചാത്യ വ്യവസായ മുതലാളിത്തം മൂലധന മുതലാളിത്തമായി ആഗോള വ്യാപ്തി നേടിയിട്ടുണ്ട് എന്നതും വസ്തുതയാണ്. വ്യത്യസ്ത വിഭാഗങ്ങളുടെ പ്രതിരോധങ്ങളെ തകർക്കാനാവശ്യമായ തന്ത്രങ്ങളും, സാമ്പത്തികവും സാങ്കേതികവുമായ ശക്തിയും അതി

ഹൃദയമില്ലാത്ത മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് പാശ്ചാത്യ നാഗരികതയുടെ ഏറ്റവും ആപൽക്കരമായ കൃത്യം. മനുഷ്യനെ ശരീരമെന്നതിലേക്ക് ന്യൂനീകരിച്ചു. ഇവിടെ ഹൃദയമുള്ള മനുഷ്യനെ സൃഷ്ടിക്കുക എന്നതാണ് അടിയന്തര പ്രാധാന്യമർഹിക്കുന്നത്. തന്നിൽ തുടിക്കുന്ന ആത്മാവിനെ തിരിച്ചറിയാനുള്ള വളർച്ച മനുഷ്യനിൽ സംജാതമാവണം.

നുണ്ട്. ഇവിടെ പ്രതിഷേധത്തിന്റെ ആദർശപരമായ അടിത്തറയെക്കുറിച്ചും പ്രായോഗികമായ സമീപനങ്ങളെക്കുറിച്ചും ഗൗരവമേറിയ ആലോചനകൾ നടത്തേണ്ടതുണ്ട്.

## ഹൃദയമുള്ള മനുഷ്യനു വേണ്ടി

ഹൃദയമില്ലാത്ത മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് പാശ്ചാത്യ നാഗരികതയുടെ ഏറ്റവും ആപൽക്കരമായ കൃത്യം. മനുഷ്യനെ ശരീരമെന്നതിലേക്ക് ന്യൂനീകരിച്ചു. ഇവിടെ ഹൃദയമുള്ള മനുഷ്യനെ സൃഷ്ടിക്കുക എന്നതാണ് അടിയന്തര പ്രാധാന്യമർഹിക്കുന്നത്. തന്നിൽ തുടിക്കുന്ന ആത്മാവിനെ തിരിച്ചറിയാനുള്ള വളർച്ച മനുഷ്യനിൽ സംജാതമാവണം. പഞ്ചേന്ദ്രിയങ്ങൾകൊണ്ട് അറിയാനാവില്ലെങ്കിലും അഞ്ചിന്ദ്രിയങ്ങളെയും ചലിപ്പിക്കുന്ന ശക്തി വിശേഷമാണത്. തൊട്ടുകാണിക്കാനാവില്ലെങ്കിലും മനുഷ്യൻ നിലകൊള്ളുന്ന മൗലിക യാഥാർഥ്യമാണത്. ആത്മാവിനെക്കുറിച്ച തിരിച്ചറിവ് നൽകികൊണ്ട് വിമോചനത്തിന്റെ വഴിതുറക്കുക എന്നതായിരുന്നു പ്രവാചക പ്രബോധനത്തിന്റെ രീതി. 'തസ്കിയത്' എന്നാണ് ഖുർആൻ ഈ രീതിക്ക് നൽകുന്ന പേര് (*അൽ ജുമുഅ* 2). ആത്മാവിനെക്കുറിച്ച തിരിച്ചറിവ് ജീവിതത്തിന് ഭൗതികാതീതമായ മാനം കൂടി നൽകും. നശ്വരമായ ഭൗതിക ജീവിതം അനശ്വരമായ ഒരു ജീവിതത്തുടർച്ചയുടെ ഭാഗമാണെന്ന ബോധത്തിലേക്ക് മനുഷ്യനുണരും. അനുക്ഷണ ഫലസിദ്ധി എന്ന ഹ്രസ്വ ദൃഷ്ടിക്കപ്പുറം തന്റെ കർമങ്ങൾകൊണ്ട് ഉദാത്തമായ ചില ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുണ്ടെന്ന ബോധം മനുഷ്യനിൽ ഉണ്ടായിത്തീരും. ദിവ്യമായ ജ്ഞാനവെളിച്ചം കൂടി ജീവിതത്തിലേക്ക് പകരുമ്പോൾ പഞ്ചേന്ദ്രിയ നിബദ്ധമായ മൃഗ ജീവിത തലത്തിൽനിന്ന് മനുഷ്യൻ തന്റെ യഥാർഥ ഔന്നത്യത്തിലേക്ക് ചുവടുവെക്കും. അങ്ങനെയാവുമ്പോൾ ധ്യാന സ്വഭാവികളായ ആത്മീയ ജാഗ്രതയുള്ള വ്യക്തികൾ വളർന്നുവരും. സ്വാഭാവികമായും നല്ല കലയും അതുവഴി നല്ല സംസ്കാരവും ജന്മമെടുക്കും. സംസ്കാരത്തിന്റെ ഉള്ളടക്കമുള്ള, സംസ്കാരത്താൽ ബാലൻസു ചെയ്യപ്പെടുന്ന ഒരു നാഗരികത രൂപപ്പെടാൻ പിന്നെ പ്രയാസമുണ്ടാവില്ല. ഇതായിരുന്നു പ്രവാചകന്മാർ സൃഷ്ടിച്ച സാംസ്കാരിക നാഗരികതയുടെ ചുരുക്കം. ഒടുവിലത്തെ പ്രവാചകൻ മുഹമ്മദ്(സ) നബിയുടെ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ മുന്നിൽ കൂടുതൽ വ്യക്തതയോടെയുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇത്തരമൊരു മാറ്റം ക്ഷിപ്രസാധ്യമല്ല; ദീർഘകാല ലക്ഷ്യമാണ്. പ്രവാചക ദർശനത്തെ സംബന്ധിച്ചും ഖുർആനെക്കറിച്ചുമൊക്കെ ഗുരുതരമായ തെറ്റിദ്ധാരണകൾ ലോകത്ത് നിലനിൽക്കുന്നു. ഖുർആനെ കൈയിലെടുത്തിട്ടുള്ള അതിന്റെ അനുയായികൾ തന്നെയും പ്രസ്തുത മഹിത ദർശനങ്ങളുടെ സാക്ഷാത്കാരത്തിൽ ഇനിയും ഒരുപാട് മുന്നേറാനുണ്ട്. അതിനാൽ ഇടക്കാലത്തേക്ക് അവലംബിക്കാൻ പറ്റിയ ഫലപ്രദമായ നടപടികളെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.

## മൂല്യങ്ങൾക്കുവേണ്ടി പൊതുസഭ

മതങ്ങൾക്കും (ഇസ്ലാമിനെ ആ ഗണത്തിൽ പെടുത്തുന്നില്ല. ബഗോവിച്ച് വിശദീകരിക്കുന്നതു പോലെ മതത്തിനും ശാസ്ത്രത്തിനും മധ്യേയുള്ള മൂന്നാം മാർഗമായി അതിനെ കാണുകയാണ് വേണ്ടത്) ഇസ്ലാമിനും ചേർന്നുകൊണ്ട് ഈ രംഗത്ത് പലതും ചെയ്യാനാകും. ഏത് മതത്തിലാണെങ്കിലും ഒരാൾ അതിൽ വിശ്വസിക്കുന്നതോടെ ജീവിതത്തിന്റെ ഭൗതികാതീതമാനത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഇത് പാശ്ചാത്യ നാഗരികതയുടെ നിഷേധാത്മക പ്രവണതക്കു പകരം മാനവികതയോട് കൂടുതൽ അടുത്തു നിൽക്കുന്നതാണ്. സ്വാഭാവികമായും അത് ഇസ്ലാമിന്റെ ഒരു ഭാഗത്തെയാണ് പൂരിപ്പിക്കുന്നത്. അതിനാൽ തന്നെ മാനവികതയുടെ വീണ്ടെടുപ്പിനു വേണ്ടി ഇസ്ലാമിനും മതങ്ങൾക്കും ഒരു മേശക്കു ചുറ്റുമിരിക്കാനുള്ള അരങ്ങൊരുങ്ങുന്നു. ഖുർആൻ ഇതിന് വലിയ പ്രാധാന്യം കൽപിക്കുന്നത് കാണാം (3:64). ജനങ്ങളുടെ അഭീഷ്ടമനുസരിച്ച് വിശ്വാസങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യൻ അന്ത്യനാൾവരെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കും എന്ന യാഥാർഥ്യവും അതംഗീകരിച്ചിട്ടുണ്ട്. അതിനാൽ വ്യത്യസ്ത വിശ്വാസ ക്രമങ്ങൾ സമാധാനത്തോടെയും സുരക്ഷിതത്വത്തോടെയും പുലരുന്ന ഒരു സാമൂഹിക ക്രമത്തിന്റെ സൃഷ്ടിയാണ് ഇസ്ലാം ഉന്നംവെക്കുന്നതെന്നും ഇത്തരമൊരു സാമൂഹിക ക്രമത്തിന്റെ കാവലും കരുതലുമായിരിക്കും ഇസ്ലാമിന്റെ സാമൂഹ്യ നേതൃത്വത്തിലൂടെ സാക്ഷാത്കരിക്കപ്പെടുക എന്നും ഖുർആനിൽനിന്ന് മനസ്സിലാവുന്നുണ്ട് (*അൽഹജ്ജ്* 40). ഒരു സമൂഹത്തിൽ നിർബന്ധമായും സംരക്ഷിക്കപ്പെടണമെന്ന് ഇസ്ലാം ലക്ഷ്യം വെക്കുന്ന എല്ലാ കാര്യങ്ങളും ഏതൊരു മതവിശ്വാസിക്കും അഭിപ്രായ വ്യത്യാസമില്ലാത്തതും എല്ലാവരും നിലനിന്നു കാണാൻ ആഗ്രഹിക്കുന്നതുമാണ്. സമൂഹത്തിന്റെ സുസ്ഥിതി അപകടപ്പെടുത്തുന്ന അശ്ലീല പ്രകടനങ്ങളുടെയും ലഹരി ഉപയോഗത്തിന്റെയും നിരോധം, നീതിപൂർവകമായ സമ്പദ് വ്യവസ്ഥയുടെ നിർമിതി, സാർവത്രിക വിദ്യാഭ്യാസം, വിശ്വാസ സ്വാതന്ത്ര്യം, പ്രകൃതി വിരുദ്ധമല്ലാത്ത സന്തുലിത വികസനം, ദുർബല വിഭാഗങ്ങളുടെ സംരക്ഷണം തുടങ്ങിയവ എല്ലാവരും യോജിക്കുന്ന കാര്യങ്ങളാണ്.

ഇത് കേവലം താത്ത്വികമായ ഒരഭിപ്രായമല്ല. ചരിത്രത്തിലുടനീളം ഇത്തരം സഹകരണവും ഉൾക്കൊള്ളലും ഇസ്ലാം നടത്തിയിട്ടുണ്ടായിരുന്നു. ആദ്യത്തെ ഇസ്ലാമിക രാഷ്ട്രമെന്ന് ചരിത്രത്തിൽ വിഖ്യാതമായ മദീനാ രാഷ്ട്രം വ്യത്യസ്ത മതവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പക്ഷേ ചരിത്രത്തിലെതന്നെ ആദ്യത്തെ സമ്പൂർണ ബഹുസ്വര സമൂഹമായിരിക്കും. തുടർന്ന് ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലുമൊക്കെ വളർന്നു വികസിച്ച ഇസ്ലാമിക സമൂഹം എന്നും മറ്റുള്ളവരെ ഉൾക്കൊള്ളാൻ സഹിഷ്ണുത പ്രകടിപ്പിച്ചിരുന്നു.


പാശ്ചാത്യ ആധുനികതയുടെ അസ്തിവാരങ്ങളെ ചോദ്യം ചെയ്തുകൊണ്ട് നിലവിൽ വന്ന ഇസ്ലാമിക പ്രസ്ഥാനങ്ങൾ -വിശേഷിച്ചും ജമാഅത്തെ ഇസ്ലാമി- മതസമൂഹങ്ങളോട് സഹകരണാത്മക ബന്ധം ഊട്ടിയുറപ്പിക്കാൻ എന്നും ശ്രമിച്ചിട്ടുണ്ട്. പാശ്ചാത്യ ധർമനിഷേധ ദർശനത്തെ വിശകലനം ചെയ്യുന്ന '*മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്വിക വിശകലനം*' എന്ന കൃതിയിൽ സയ്യിദ് മൗദൂദി ഈ ഭാഗം പ്രത്യേകം ഊന്നുന്നത് കാണാം. *ജമാഅത്തെ ഇസ്ലാമി ലക്ഷ്യം മാർഗം* എന്ന കൃതിയിൽ മൗലാനാ അബുല്ലൈസ് ഇസ്ലാഹി എഴുതുന്നു: "ഞങ്ങളുന്നയിക്കുന്ന സംഗതികളിൽ ഒരു വലിയ ഭാഗം നിങ്ങളുടെ പക്കലുള്ള ദിവ്യഗ്രന്ഥങ്ങളിൽ തന്നെ നിങ്ങൾക്ക് കാണാൻ കഴിയുന്നതാണ്.....

..... ഇനി നിർഭാഗ്യവശാൽ ഞങ്ങളുടെ പ്രത്യേക വിഷയമെന്ന് നിങ്ങൾ വിചാരിക്കുന്ന ഭാഗം അംഗീകരിക്കാൻ തൽക്കാലം നിങ്ങൾ സന്നദ്ധരല്ലെങ്കിൽ നന്നെച്ചുരുങ്ങിയത് മതധർമങ്ങളുടെ

പേരിൽ വല്ല മൂല്യസമ്പത്തും നിങ്ങളുടെ പക്കൽ അവശേഷിക്കുന്നുവെങ്കിൽ അതിനെ നിങ്ങളുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥയുടെ അടിത്തറയായി അംഗീകരിക്കുകയെങ്കിലും ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.....

......... ഞങ്ങളുടെ അഭിപ്രായത്തിൽ, പ്രസ്തുത അടിസ്ഥാനങ്ങളിൽ കെട്ടിപ്പടുക്കപ്പെടുന്ന രാഷ്ട്രീയ ഭരണ വ്യവസ്ഥ ആധുനിക യുഗത്തിലെ വർഗീയവും ദേശീയവുമായ മതേതര ഗവൺമെന്റുകളെക്കാൾ ഏതു നിലക്കും എത്രയോ മെച്ചപ്പെട്ടതായിരിക്കും" (പേ: 53-54). ഇസ്‌ലാമിക പ്രസ്ഥാനം എന്നും എല്ലാ വിഭാഗങ്ങളിലും എല്ലാ സ്രോതസ്സുകളിലുമുള്ള നന്മയെ കണ്ടെടുക്കാനും ഏകോപിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. ടി. മുഹമ്മദ് രചിച്ച *ഒരുജാതി ഒരു ദൈവം*, *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ* തുടങ്ങിയ കൃതികൾ ഭാരത വേദങ്ങളിൽ ഉള്ളടങ്ങിയിട്ടുള്ള സത്യദർശനങ്ങളെ കണ്ടെടുക്കാനുള്ള ശ്രദ്ധേയമായ ശ്രമങ്ങളായിരുന്നു. എന്നാൽ സമൂഹത്തിന്റെ മുഖ്യ ചർച്ചയിലേക്ക് ഇത് എത്തിക്കാനോ ശ്രദ്ധയാകർഷിക്കാനോ കഴിഞ്ഞില്ല. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം ഈ രംഗത്ത് ആസൂത്രിതമായിത്തന്നെ ഇടപെടുകയും ഈദൃശ പഠനങ്ങളെ വളർത്തിക്കൊണ്ടുവരികയും പ്രായോഗികമായ നടപടിക്രമങ്ങൾക്ക് രൂപംനൽകുകയും ചെയ്യേണ്ടതുണ്ട്.

ഇന്ത്യ ഇന്നഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം, സാമ്രാജ്യത്വം കഴിഞ്ഞാൽ അനുദിനം വളർച്ച പ്രാപിക്കുന്ന സവർണ ഫാഷിസമാണ്. അത് യഥാർഥത്തിൽ ഭാരതത്തിന്റെ പരമ്പരാഗത സഹിഷ്ണുതയിൽനിന്നും സനാതന മൂല്യങ്ങളിൽ നിന്നുമുള്ള വ്യക്തമായ വ്യതിചലനമാണ്. ഇന്ത്യൻ സംസ്കാരത്തോടല്ല അതിന്റെ കടപ്പാട്. ആധുനികതയിൽ രൂപംകൊണ്ട നാസി, ഫാഷിസ്റ്റ് ദർശനങ്ങളുടെയും പാശ്ചാത്യ മാതൃകയിലുള്ള ആക്രമണോത്സുക ദേശരാഷ്ട്ര സങ്കൽപത്തിന്റെയും ഇന്ത്യൻ ആവിഷ്കാരമാണ് ഇവിടെ ഫാഷിസമായി പടർന്നു പന്തലിച്ചിട്ടുള്ളത്. ഫാഷിസം ദുരുപയോഗം ചെയ്യുന്നത് ഹൈന്ദവ സംസ്കാരത്തിന്റെ മഹിത ദർശനങ്ങളെയാണ് എന്നതിനാൽ ഇതിന്റെ പ്രതിവിധി മുഖ്യമായും ഹൈന്ദവസമൂഹത്തിൽ നിന്നുതന്നെ വളർന്നുവരേണ്ടതുണ്ട്. അത്തരമൊരു പ്രതികരണം രൂപപ്പെടുത്തിയെടുക്കാനുള്ള ആന്തരിക ശക്തി തീർച്ചയായും ഇന്ത്യയിലെ മഹത്തായ പാരമ്പര്യങ്ങൾക്കും ഹൈന്ദവസമൂഹത്തിനുമുണ്ട് എന്നതിൽ സംശയമില്ല. അതുപോലെ ഇന്ത്യയിൽ ശക്തമായ സാന്നിധ്യമുള്ള ക്രിസ്റ്റ്യൻ, സിഖ്, ബുദ്ധ മതങ്ങൾക്കും ക്ഷേമപൂർണമായ ഒരിന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിക്കാനാവും എന്നതും വസ്തുതയാണ്.



ആശയവിനിമയത്തിന്റെ സാധ്യതകൾ വർധിക്കുകയും കൂടുതൽ സുതാര്യമായി വരികയും ചെയ്യുന്ന ലോകത്ത് മതങ്ങളുടേതായ ഒരൈക്യനിര കെട്ടിപ്പടുക്കാൻ താരതമ്യേന അനായാസമാണ്. സുഊദിയിലെ അബ്ദുല്ലാ രാജാവ് മുൻകൈയെടുത്ത് സംഘടിപ്പിച്ച ലോക മത സംവാദ സംരംഭങ്ങൾ പുതിയൊരു ലോക നിർമിതിയിൽ വലിയ പ്രതീക്ഷകൾ നൽകുന്നുണ്ട്. നമ്മുടെ രാജ്യത്തും ഇത്തരം സംവാദങ്ങൾക്ക് ഇസ്‌ലാമിക സമൂഹം മുൻകൈയെടുക്കണം. നമ്മുടെ സമ്പദ് വ്യവസ്ഥയിലും രാഷ്ട്രീയത്തിലും പരിസ്ഥിതി പ്രശ്നങ്ങളിലും മനുഷ്യാവകാശ പ്രശ്നങ്ങളിലും സമൂഹ സംസ്കരണ ശ്രമങ്ങളിലുമൊക്കെ മൂല്യങ്ങളെയും മനുഷ്യന്റെ അന്തസ്സിനെയും ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടപെടുന്നതിലേക്ക് ഇത്തരം സംരംഭങ്ങൾ വികാസം പ്രാപിക്കണം. ഫാഷിസത്തെയും സാമ്രാജ്യത്വത്തെയും ചെറുക്കാൻ നമ്മുടെ മുമ്പിലുള്ള ഫലപ്രദമായ മാർഗം അതുമാത്രമാണ്. മറുവശത്ത്, ഇവിടെ ചെറുതെങ്കിലും ശക്തമായ ഒരിടതുപക്ഷധാരയും നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലെ സാമൂഹിക മാറ്റത്തിന് അവലംബിക്കേണ്ട നയപരിപാടി

**ആശയവിനിമയത്തിന്റെ സാധ്യതകൾ വർധിക്കുകയും കൂടുതൽ സുതാര്യമായി വരികയും ചെയ്യുന്ന ലോകത്ത് മതങ്ങളുടേതായ ഒരൈക്യനിര കെട്ടിപ്പടുക്കാൻ താരതമ്യേന അനായാസമാണ്. ഇത്തരം സംവാദങ്ങൾക്ക് ഇസ്‌ലാമിക സമൂഹം മുൻകൈയെടുക്കണം.**

കളെ സംബന്ധിച്ചുള്ള ഭിന്നാഭിപ്രായങ്ങളുടെ പേരിൽ ഇവിടെ വ്യത്യസ്ത കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ജന്മമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാസ്തികതയോ തദനുസൃതമായ ധർമനിഷേധപരമായ കാഴ്ചപ്പാടുകളോ കമ്യൂണിസ്റ്റു പാർട്ടികളുടെ വിഷയമല്ലാതായിത്തീർന്നിട്ടുണ്ട്. മാത്രവുമല്ല മതത്തോടും ആത്മീയതയോടും അഗാധമായി ബന്ധപ്പെട്ടിരിക്കുന്ന ഇന്ത്യൻ മനസ്സിനോട് സംവദിക്കാൻ യൂറോപ്യൻ മാർക്സിസം അതേപടി പകർത്തുന്നത് ഗുണകരമല്ല എന്ന തിരിച്ചറിവും കമ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾക്കുണ്ടാവണം. ഏറ്റവും ഒടുവിലത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തുമ്പോൾ കാര്യമായ പുനർ വിചിന്തനങ്ങൾ നടത്താതെ കമ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾക്ക് മുന്നോട്ടു

പോകാനാവില്ല എന്ന താക്കീത് അതിൽ ഉള്ളടങ്ങിയിട്ടുണ്ടെന്ന് കാണാം. മതത്തോടും മതവിശ്വാസികളോടും ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ ഭരണഘടനതന്നെ വളരെ ക്രിയാത്മകമായ തുറന്ന സമീപനം സ്വീകരിച്ചത് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടികൾക്ക് മാതൃകയാക്കാവുന്നതാണ്. ഏറ്റവും ഒടുവിൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതിനിധി സംഘത്തെ ചൈന ഔദ്യോഗികമായിത്തന്നെ ക്ഷണിക്കുകയും പുതിയ ലോക സാഹചര്യങ്ങളെ മുൻനിർത്തി പരസ്പര ധാരണയോടെ പ്രവർത്തിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

ലോകം ഇത്രയൊക്കെ ദുഷിച്ചിട്ടും ധർമത്തിന്റെയും മൂല്യത്തിന്റെയും പ്രസക്തി ആർക്കും നിഷേധിക്കാനാവാത്തവിധം നിലനിൽക്കുന്നു എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. മാത്രമല്ല, കഴിഞ്ഞകാല പാശ്ചാത്യ ആധിപത്യം ലോകത്തെ കൊണ്ടെത്തിച്ച ദുരന്തത്തിൽനിന്ന് കരകയറണമെങ്കിൽ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് പൗരസ്ത്യ പ്രദേശത്ത് മുഴങ്ങിക്കേട്ട ദർശനങ്ങളിലേക്ക് തന്നെ മടങ്ങിപ്പോകണമെന്ന ചിന്ത ഇന്ന് ശക്തിപ്പെട്ടുവരികയും ചെയ്യുന്നുണ്ട്. ഇവിടെ മതങ്ങൾ അവയുടെ ചരിത്രപരമായ ദൗത്യം നിറവേറ്റുമോ എന്നാണ് ലോകം ഉറ്റുനോക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ പ്രവാചകനും ഖലീഫമാരും ചെയ്തപോലെ, പ്രസ്ഥാന നായകർ വിഭാവനം ചെയ്തപോലെ, എല്ലായിടത്തുമുള്ള നന്മകളെ കണ്ടെടുത്ത് ഏകോപിച്ചുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഐശ്വര്യപൂർണമായ ഒരു ലോകത്തിന്റെ സൃഷ്ടിപ്പിൽ നേതൃപരമായ പങ്ക് നിർവഹിക്കാനാവും.

**കഴിഞ്ഞ കാലങ്ങളിൽ പ്രവാചകനും ഖലീഫമാരും ചെയ്തപോലെ, പ്രസ്ഥാന നായകർ വിഭാവനം ചെയ്തപോലെ, എല്ലായിടത്തുമുള്ള നന്മകളെ കണ്ടെടുത്ത് ഏകോപിച്ചുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഐശ്വര്യപൂർണമായ ഒരു ലോകത്തിന്റെ സൃഷ്ടിപ്പിൽ നേതൃപരമായ പങ്ക് നിർവഹിക്കാനാവും.**

ഈ കാലത്ത് രൂപപ്പെട്ടുവരുന്ന നവ രാഷ്ട്രീയ പ്രസ്ഥാനങ്ങളെക്കുറിച്ചും ചിലതു പറയേണ്ടതുണ്ട്. മുഖ്യമായും, യൂറോ കേന്ദ്രിത ലോകം സൃഷ്ടിച്ച പ്രതിസന്ധികളുടെ പ്രതികരണമായിട്ടാണ് ഇത്തരം പ്രസ്ഥാനങ്ങളുടെ രൂപവത്കരണം എന്നുകാണാൻ പ്രയാസമില്ല. അവ ഉയർത്തിക്കൊണ്ടു വന്നിട്ടുള്ള ദലിത്, ആദിവാസി, സ്ത്രീ, ന്യൂനപക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ എല്ലാം അഭിസംബോധന ചെയ്യപ്പെടേണ്ടവ തന്നെയാണ്. ചില നിശ്ചിത പ്രശ്നങ്ങളെ മാത്രം അഭിസംബോധന ചെയ്യുന്നു എന്നതിനാൽ ഇത്തരം പ്രസ്ഥാനങ്ങളുടെ സമീപനങ്ങളിൽ അസഹിഷ്ണുതയും തീവ്രതയും ഉണ്ടാവുക സ്വാഭാവികമാണ്. താൽകാലിക പ്രശ്നങ്ങളാണ് അവ ഏറ്റെടുത്തിട്ടുള്ളത് എന്നതിനാൽ അവയുടെ നിലപാടുകൾക്ക് സ്ഥായിയായ ധാർമികതയുടെയും ആദർശത്തിന്റെയും പിൻബലമുണ്ടാകില്ല എന്നതും വസ്തുതയാണ്. ഇത്തരം പ്രശ്നങ്ങളിൽ ഉദാത്തമായ ഒരു ലോക വീക്ഷണത്തിൽ നിന്നുകൊണ്ട് ധാർമിക പിൻബലത്തോടെ ഇടപെടാൻ മതങ്ങൾക്ക് കഴിയും. വിശുദ്ധ ഖുർആൻ ഉയർത്തിപ്പിടിക്കുന്ന മാനവിക വീക്ഷണത്തിന്റെയും പ്രപഞ്ച വീക്ഷണത്തിന്റെയും പൊതു ഭൂമികയിലേക്ക് ഇത്തരം പ്രശ്നങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിമോചനത്തിന്റെ ആദർശപാത പണിയാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് കരുത്തുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും മതസമൂഹങ്ങളുടെയും പ്രസ്തുത വിഷയത്തിലുള്ള സഹകരണാത്മക പ്രവർത്തനം ലോകർക്ക് കൂടുതൽ നല്ല ഒരു ഭാവി പ്രദാനം ചെയ്യും എന്നതിൽ സംശയമില്ല. ■

(അവസാനിച്ചു)